സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ശബരിമല

**ശബരിമല ദേവസ്വത്തിലെ 1195-ാമാണ്ടത്തെ (2019 - 2020) അടിയന്തിരങ്ങളോടനുബന്ധിച്ച് ശബരിമല പമ്പ നിലയ്ക്കൽ എന്നിവടങ്ങളിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് താൽപര്യമുള്ള കോൺട്രാക്ടർ/ഏജൻസികളിൽ നിന്നും മുദ്ര വച്ച ടെൻഡറുകൾ ക്ഷണിക്കുന്നു**

## പൊതു നിബന്ധനകൾ

1. മുദ്രവെച്ച ടെന്ററുകൾ 31.10.2019 പകൽ 11.30 ന് മുൻപായി തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിതസമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെന്ററുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെന്ററുകൾ അടക്കം ചെയ്ത കവറിന്റെ പുറത്ത് ഇന്ന ഐറ്റത്തിലുള്ള ടെന്റർ എന്നുമാത്രം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
2. ടെന്ററിനോടൊപ്പം അതാത് ഐറ്റങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം ക്യാഷായോ, ശബരില എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാൻഡ് ഡ്രാഫ്റ്റായോ (ക്രോസ് ചെയ്ത്) അടക്കം ചെയ്തിരിക്കണം.
3. ടെന്ററുകൾ 31.10.2019 തീയതി പകൽ 11.45 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തിരുവനന്തപുരത്ത് നന്തൻകോട്ടുള്ള ദേവസ്വം കമ്മീഷണർ ഓഫീസിൽവച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
4. നിശ്ചിത നിരതദ്രവ്യം ഹാജരാക്കത്തവരുടെയും, സാമ്പിൾ ഹാജരാക്കേണ്ട ഐറ്റങ്ങൾക്ക് ആയത് ഹാജരാക്കാത്തവരുടെയും ടെന്ററുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
5. ടെന്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെയുള്ളതായിരിക്കണം.
6. പമ്പയിൽ ആവശ്യമുള്ള സാധനങ്ങൾ പമ്പയിലും മറ്റ് സാധനങ്ങൾ ശബരിമല ദേവസ്വം മെയിൻ സ്റ്റോറിലും സപ്ലെ ചെയ്യേണ്ടതാണ്.
7. ടെന്റർ നിരക്കുകൾ അടിയന്തിരങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
8. ഏതെങ്കിലും ഐറ്റം പരസ്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതിനേക്കാൾ കൂടുതൽ അളവ് ആവശ്യമെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതനുസരിച്ച് ടെന്റർ നിരക്കിൽ സപ്ലെ ചെയ്യാൻ ടെന്ററുകാരൻ ബാദ്ധ്യസ്ഥനാണ്.
9. സപ്ലെ ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ടെന്ററിനോടൊപ്പം ഹാജരാക്കിയിട്ടുള്ള സാമ്പിളിന് തുല്യമോ, അതിലുപരിയോ ആയിരിക്കേണ്ടതാണ്.
10. ടെന്റർ അംഗീകരിച്ചതുസംബന്ധിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം ശബരിമല ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസറുമായി ഉടമ്പടി വയ്ക്കേണ്ടതാണ്. ബാങ്ക് ഗ്യാരന്റിയുടെ കാലാവധി കുത്തക കാലയളവ് പൂർത്തിയാക്കുന്ന ഒരു വർഷം വരെ ആയിരിക്കണം. അറിയിപ്പുകിട്ടി 7 ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നപക്ഷം നിരതദ്രവ്യം മുതൽകൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെന്ററുകരനെ ക്ഷണിക്കുന്നതിനോ, മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ചവരുത്തിയ ടെന്ററുകാരൻ പരിപൂർണ്ണ ഉത്തരവാദിയായിരിക്കുന്നതുമാണ്.
11. സപ്ലെ സാധനത്തിൽ കദളിപ്പഴം, പൂവൻപഴം, പേപ്പർ പ്ലേറ്റ് എന്നിവയുടെ ആകെ വിലയുടെ 10% വരുന്ന തുക ക്യാഷോ, ബാങ്ക് ഗ്യാരന്റിയോ ആയി കുത്തകയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി ടെന്ററുകാരന്റെ സെക്യൂരിറ്റി ആയി ഹാജരാക്കേണ്ടതാണ്.
12. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതും, അടിയന്തിരത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി മറ്റുവിധത്തിൽ നടപടി സ്വീകരിക്കുന്നതും, തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
13. ടെന്റർ സ്വീകരിക്കുന്നതിനും, യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പരിപൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

14. കുത്തകക്കാർക്ക് / ടെന്റുകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമായ അനുവാദം കൂടാതെ കുത്തക യുടെ അവകാശം കൈമാറുന്നതിനോ കീഴ്കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാകുന്നു.

15. കുത്തക / ടെന്റർ എടുക്കുന്ന ആൾക്ക് പ്രസ്തുത തൊഴിലിൽ മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്..

16. കുത്തക / ടെന്റർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതികളുടെ അധികാര പരിധി ക്കുള്ളിലായിരിക്കും.

17. പ്രസ്തുത കുത്തകകളുടെ സുഗമമായ നടത്തിപ്പിന് സെക്യൂരിറ്റിയായി ഹാജരാക്കുന്ന തുക, കുത്തക പൂർണ്ണമായും തൃപ്തികരമായി നിറവേറ്റി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് പലിശ കൂടാതെ തിരികെ നൽകുന്നതും, ഏതെങ്കിലും തരത്തിൽ കരാറുകാരന്റെ വീഴ്ചയിൽ ഡിപ്പാർട്ടുമെന്റിനു സാമ്പത്തിക നഷ്ടം സംഭവിച്ചാൽ നിരതദ്രവ്യവും, സെക്യൂരിറ്റി തുകയും ഡിപ്പാർട്ടുമെന്റിലേക്ക് മുതൽ കൂട്ടുന്നതുമാണ്. പ്രസ്തുത തുക അപര്യാപ്തമാകുന്നപക്ഷം ബാക്കി തുക കരാറുകാരനുള്ള പേമെന്റിൽനിന്നും ഈടാക്കുന്നതായിക്കും.അപ്രകാരം കഴിയാതെ വന്നാൽ സിവിലായോ, ക്രിമിനലായോ കേസ് ഫയൽ ചെയ്തോ മറ്റു നടപടി ക്രമത്തിലൂടെയോ കരാറുകരനിൽ നിന്നും നിയമാനുസരണം നഷ്ടം ഈടാക്കുന്നതിന് ഡിപ്പാർട്ട്മെന്റിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

## സ്പെഷ്യൽ നിബന്ധനകൾ

- ശബരിമല ദേവസ്വത്തിലെ 1194-ാമാണ്ടത്തെ (2019 2020) മണ്ഡലം - മകരവിളക്ക്, മേടവിഷു, മറ്റ് അടിയന്തിരങ്ങൾ എന്നിവയോടനുബന്ധിച്ച് ശബരിമല പമ്പ നിലയ്ക്കൽ എന്നിവടങ്ങളിൽ ബോക്സ് ടൈപ്പ് ഉച്ചഭാഷിണി പ്രവർത്തിപ്പിക്കുന്നതിന് താൽപ്പര്യമുള്ള കോൺട്രാക്ടർ/ഏജൻസികളിൽ നിന്നും മുദ്ര വച്ച ടെൻഡറുകൾ ക്ഷണിക്കുന്നു.

- 1195-ലെ കാലയളവിൽ ശബരിമല പമ്പ നിലയ്ക്കൽ പ്രദേശത്ത് ദേവസ്വം ബോർഡ്/സർക്കാർ തലങ്ങളിലെ യോഗങ്ങൾ,പൊതുപരിപാടികൾ ചേരുന്ന പക്ഷം ആയതിന് ആവശ്യമായ ശബ്ദം,വെളിച്ചം ക്രമീകരണങ്ങൾ കുത്തകക്കാരന്റെ ചുമതലയിൽ തന്നെ ഏർപ്പെടുത്തേണ്ടതാണ്. ആയതിന് പ്രത്യേകം തുക ചിലവെഴുതി നൽകുന്നതല്ല.

- ശബരിമല പമ്പ നിലയ്ക്കൽ ദേവസ്വങ്ങളിലേക്ക് ആവശ്യമായ ഉച്ചഭാഷിണിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.മേൽപ്രകാരം ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ആകെ തുക ആണ് ക്വാട്ട് ചെയ്യേണ്ടത്.

| | | |
|---|---|---|
| **ശബരിമല** | | |
| നമ്പർ | പോയിന്റ് | ഉച്ചഭാഷിണിയുടെ എണ്ണം |
| 1. | അപ്പർ തിരുമുറ്റം | 8 ബോക്സ് (150 വാട്ട്സ്) |
| 2. | പ്രസാദം ടിക്കറ്റ് കൗണ്ടർ,18 പടി,ഭസ്മക്കുളം,ഫ്ളൈ ഓവർ,മാളികപ്പുറം | 16 എണ്ണം(150 വാട്ട്സ്) |
| 3. | ബെയ്‌ലി പാലം,പോലിസ് ബാരക്ക് | 8 എണ്ണം(150 വാട്ട്സ്) |
| 4. | പാണ്ടിതാവളം | 12 എണ്ണം (150 വാട്ട്സ്) |
| 5. | ചന്ദ്രാനന്ദൻ റോഡ്,മരക്കൂട്ടം,സ്വാമി അയ്യപ്പൻ റോഡ് | 24 ബോക്സ് (150 വാട്ട്സ്) |
| 6. | വലിയനടപ്പന്ടൽ മുതൽ മരക്കൂട്ടം വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7. | വലിയനടപ്പന്തൽ ഭാഗത്ത് അകെ | 12 എണ്ണം(200 വാട്ട്സ്) |
| 8. | വലിയനടപ്പന്തൽ സ്റ്റേജ് 5000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം(8 മൈക്ക്, 4കോഡ്‌ലസ്സ് മൈക്ക്,5000 വാട്ട്സ് സ്പീക്കർ,5000 വാട്ട്സ് ആംപ്ലീഫയർ,മിക്സർ 16 ചാനൽ-1000 വാട്ട്സ് | |
| **പമ്പ** | | |
| 1. | ഗണപതി ക്ഷേത്രപരിസരം | 8 എണ്ണം(150 വാട്ട്സ്) |
| 2. | ഗണപതി ക്ഷേത്രം താഴെ പടി മുതൽ പന്തളം | 8 എണ്ണം (150 വാട്ട്സ്) |

| | | |
|---|---|---|
| | രാജാകെട്ടിടം വരെ | |
| 3. | ഗണപതി ക്ഷേത്രം മുതൽ ത്രിവേണി പാലം വരെ | 16 എണ്ണം (150 വാട്ട്സ്) |
| 4. | ത്രിവേണി പാലം മുതൽ കെ.എസ്.ആർ.ടി സ്റ്റാന്റ് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 5. | മരാമത്ത് കെട്ടിടം മുതൽ ഹിൽടോപ്പ് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 6. | പന്തളംരാജാ കെട്ടിടം മുതൽ നീലിമല/അപ്പാച്ചിമേട് വരെ | 16 എണ്ണം (150 വാട്ട്സ്) |
| 7. | പന്തളം രാജാ കെട്ടിടം മുതൽ സ്വാമി അയ്യപ്പൻ റോഡ് വരെ | 22 എണ്ണം (150 വാട്ട്സ്) |
| 8. | ഗണപതി ക്ഷേത്രം ആഡിറ്റോറിയം 5000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം(6 മൈക്ക്, 2-കോഡ്ലസ്സ് മൈക്ക്,5000 വാട്ട്സ് സ്പീക്കർ,5000 വാട്ട്സ് ആംപ്ലീഫയർ,മിക്സർ 16 ചാനൽ-1000 വാട്ട്സ് | |
| | **നിലയ്ക്കൽ** | |
| 1. | നിലയ്ക്കൽ ശിവ ക്ഷേത്രം,ദേവി ക്ഷേത്രം,പാർക്കിംഗ് ഭാഗം,സർവ്വീസ് റോഡ് | 80 എണ്ണം (150 വാട്ട്സ്) |
| 3. | വലിയനടപ്പന്തൽ സ്റ്റേജ് ആഡിറ്റോറിയം 3000 വാട്ട്സ് സൗണ്ട്സ് സിസ്റ്റം(6 മൈക്ക്, 3 000 വാട്ട്സ് | |

**ഇ.എം.ഡി തുക എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്.**

| ക്രമനമ്പർ | ഇനം | ആവശ്യമായ അളവ് | നിരതദ്രവ്യം |
|---|---|---|---|
| 1. | സൗണ്ട് സിസ്റ്റം | - | 25,000/- |

വിശ്വസ്തതയോടെ
(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**
തിരുവനന്തപുരം

ആർ.ഒ.സി 40/19/ശബ
24.10.2019